
Monthly Price Rs. 4/-

# ബൈബിൾ ദൂതൻ



രക്ഷ

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

നഷ്ടപ്പെട്ട ആത്മാവ്

# ദൈവത്തിന്റെ രക്ഷാ ബന്ധം

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തീത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കോബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 20** **February 2007** **No.11**

## എഡിറ്റോറിയൽ

കുറ്റകൃത്യങ്ങൾ ജനപ്പെരുപ്പത്തോടൊപ്പം വർദ്ധിച്ചു വരികയാണ്. ഓരോ രാജ്യത്തിലും കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വിഭിന്നമാണ്. അതാതു രാജ്യത്തു നിലവിലുള്ള ഭരണഘടനയനു സരിച്ചാണ് ശിക്ഷിക്കുന്നതു. അതിനിടയിൽ വിചാരണയും തെളിവെടുപ്പും സാക്ഷികളുടെ വിസ്താരവുമെല്ലാം ഉണ്ടാകും. അടിസ്ഥാനപരമായി ഇതു തെളിയിക്കുന്നതു പാപം ചെയ്യുന്നവർ ശിക്ഷിക്കപ്പെടണം എന്നാണ്. അതാണ് ബൈബിളിൽ പറയുന്ന പാപത്തിന്റെ ശമ്പളം മരണമെന്നു പറയുന്നത്. ഒരു വിധത്തിൽ പറഞ്ഞാൽ മനുഷ്യരെല്ലാവരും പാപം ചെയ്യുന്നവരാണ്. ചിലതു ദൃശ്യവും മറ്റു ചിലതു മനുഷ്യർക്കു അദൃശ്യവുമാണ്. മാനുഷിക ഭരണഘടന ലംഘിക്കുന്നവരെയാണ് മാനുഷിക കോടതി വിധിക്കു ന്നതു. ചില വിധികൾ മനുഷ്യർ നടത്തുന്നതു അന്യായവുമാകാം. പക്ഷേ, ദൈവിക കല്പനകൾ ലംഘിക്കുന്നവരെ വിധിക്കുന്നതു ദൈവമാണ്. അവരെ ശിക്ഷിക്കുന്നതും ദൈവമാണ്. കുട്ടികൾ തെറ്റു ചെയ്യുമ്പോൾ മാതാപിതാക്കൾ അവരെ ശാസിക്കയും ശിക്ഷിക്കുകയും ചെയ്യും. അതു അവരുടെ ഭാവി മോശമാകരുത് എന്നു കരുതിയാണ്. മനുഷ്യരുടെ ഈ ഭൂമിയിലെ ജീവിതം സമാധാനപൂർവ്വം ആകുവാൻ നമ്മുടെ സൃഷ്ടികർത്താവു ആരംഭം മുതൽ നിയമങ്ങൾ നല്കിയിട്ടുണ്ട്.

ദൈവ നിയമങ്ങളെ ക്രോഡീകരിച്ചാണ് മനുഷ്യർ ഓരോ രാജ്യത്തും ഭരണഘടന ഉണ്ടാക്കിയിരിക്കുന്നത്. പഴയ നിയമം ഉദാഹരണമായെടുക്കാം. പഴയ നിയമത്തിൽ അന്യോന്യമുള്ള

മനുഷ്യരുടെ ബന്ധം ശരിയായി ഇരിക്കേണ്ടതിനു പത്തു കല്പനകൾ ദൈവം നല്കിയിരുന്നു. അതിൽ മുഖ്യമായി ആളുകൾക്കു ദൈവത്തോടുള്ള ഭയവും സ്നേഹവും ഉണ്ടാകണം. അങ്ങനെ വന്നാൽ പിന്നീടു പറയുന്ന നിയമങ്ങൾ അവർ പാലിക്കും. വിഗ്രഹം ഉണ്ടാക്കരുത് അവയെ നമസ്കരിക്കയുമരുത് എന്നു കല്പിച്ചിട്ടുണ്ട്. ആളുകൾ ദൈവ നിയമത്തെ മാനിക്കാതെ വിഗ്രഹങ്ങൾ ഉണ്ടാക്കുകയും ചെയ്യും അവയെ വണങ്ങുകയും ചെയ്യും. അതു ജീവനുള്ള സത്യദൈവത്തെ കോപിപ്പിക്കും. ജീവനുള്ള ദൈവത്തെ ആരും ത്യജിച്ചു കളയരുത്. കാരണം നമ്മുടെ ദൈവം തീഷ്ണതയുള്ള ദൈവമാണ്. അടുത്തതായി പറഞ്ഞിരിക്കുന്നതു ദൈവത്തിന്റെ നാമം വൃഥാ എടുക്കരുത്. അതായതു എന്തിനും ഏതിനും ദൈവത്തിന്റെ അധികാരത്തെ എടുക്കരുത് എന്നർത്ഥം അങ്ങനെ ചെയ്യുന്നവർക്കു ശിക്ഷകിട്ടാതിരിക്കയില്ല. ഏഴാം നാളിനെ ആചരിക്കാൻ ദൈവം തന്റെ ജനത്തോടു പറഞ്ഞിരുന്നു. ദൈവം സകലത്തെയും സൃഷ്ടിച്ചു എന്നതു അവർ ഓർക്കണമായിരുന്നു. ദൈവം മനുഷ്യവർഗ്ഗത്തിന്റെ ഉപയോഗത്തിനുവേണ്ടി അനവധി സൃഷ്ടികർമ്മം നടത്തി. അതു യിസ്രായേൽ മക്കൾ ആചരിക്കണമായിരുന്നു. അടുത്തതായി പറഞ്ഞിരിക്കുന്നതു നീ ഭൂമിയിൽ ദീർഘായുസോടെ ഇരിപ്പാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക, കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കൂട്ടുകാരന്റെ നേരെ കള്ള സാക്ഷ്യം പറയരുത്, കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്, കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ യാതൊന്നിനെയും മോഹിക്കരുത് എന്നു കല്പിച്ചിരുന്നു.

ഈ കല്പനകളെ വിപുലീകരിച്ചുണ്ടാക്കിയതാണ് സകല മാനുഷ്യഭരണഘടനകളും. എന്നാൽ ചില സ്ഥലങ്ങളിൽ ദൈവ നിയമങ്ങളെ ലംഘിച്ചാൽ പഴയ നിയമത്തിൽ പറഞ്ഞിരുന്ന കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, എന്നീ തത്വം എടുത്തുകൊണ്ട് കുലക്കു പകരം കുല ചെയ്യുന്നുണ്ട്. അതു ദൈവിക നിയമത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതുകൊണ്ടാണ്. അടുത്ത സമയത്തു ഇറാക്കിലെ സദ്ദാം ഹുസൈനെ തൂക്കിക്കൊന്നു. അതു അയാൾ അനേകം പേരെ മുൻപു കൊന്നു എന്ന പേരിലായിരുന്നുവത്രെ. പക്ഷെ ഇതു ദൈവത്തിന്റെ പുതിയ നിയമം നിലനില്ക്കുന്ന

കാലഘട്ടമാണ്. കുല ചെയ്യുന്നതു ആരായാലും ദൈവസന്നിധിയിൽ എക്കാലവും പാപമാണ്. എന്തു കാരണത്താൽ ചെയ്താലും അതു ലംഘനം തന്നെയാണ്. പ്രതികാരം മനുഷ്യർക്കുള്ളതല്ല. അനീതിയും അക്രമവും ചെയ്യുന്നവരെ ന്യായമായി ശിക്ഷിക്കുവാൻ ആ വ്യക്തിയെ ദൈവത്തിനു ഏല്പിക്കണം. ജീവൻ എടുക്കുവാൻ അതു നല്കിയവനു മാത്രമെ അധികാരമുള്ളു. അതു നാമെല്ലാം തിരിച്ചറിയണം. കുറ്റ കൃത്യങ്ങൾ സമൂഹത്തിൽ കുറക്കുവാൻ ഏക മാർഗ്ഗം ക്രിസ്തുവിന്റെ ഉപദേശങ്ങൾ ആളുകളിൽ എത്തിക്കുകയാണ് വേണ്ടത്. മറ്റെന്തു മാർഗ്ഗമായാലും അതിനു വിപരീത ഫലമേ ഉണ്ടാകയുള്ളു.

സകല മനുഷ്യരും അവരെല്ലാം തെറ്റുകാരാണ് എന്നു മനസ്സിലാക്കണം. തെറ്റിനു വലിപ്പ വ്യത്യാസമില്ല. എന്താണ് പ്രതിവിധി? ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു പുതിയ നിയമ വാക്കുകളെ വിശ്വസിക്കുക, അവൻ അയച്ച യേശു ക്രിസ്തു ആണെന്നു വിശ്വസിച്ചു മനസ്സിൽ നിന്നു തെറ്റുകളെ ഉപേക്ഷിക്കയും, ക്രിസ്തു ദൈവപുത്രൻ എന്നു ഏറ്റു പറയുകയും പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുകയും ചെയ്യുക. അപ്പോൾ നിങ്ങളിൽ അതുവരെ സംഭവിച്ച തെറ്റുകൾ എല്ലാം ദൈവം ക്ഷമിക്കും പിന്നീട് അധർമ്മത്തിലേക്കു തിരിയാതെ ദൈവത്തെ അവന്റെ സഭയിൽ ആരാധിച്ചു അവന്റെ കല്പനകളും വിധികളും പ്രമാണിച്ചു ജീവിച്ചാൽ പിന്നെ നിങ്ങൾക്കു ഒരു ശിക്ഷാവിധിയും ഇല്ല. ദൈവത്തിന്റെ വാഗ്ദാനമാണ് അതു. ആ ഒരു തീരുമാനം എടുക്കുവാൻ ധൈര്യം ആർജ്ജിക്കുക. അതാണ് ദൈവേഷ്ടം എന്നു തിരിച്ചറിയുക. ദൈവം നിങ്ങളെ അതിനു ഒരുക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

✶

## യേശു പണിത സഭ

**ജെ.സി. ചോട്ട്**

സഭയെ സംബന്ധിച്ചു ധാരാളം തെറ്റിദ്ധാരണകൾ പരന്നിട്ടുണ്ട്. ഒരു പക്ഷ നാമധേയ വിഭാഗങ്ങളുടെ വർദ്ധനവാകാം അതിന്റെ ഒരു കാരണം. ദുരുപദേശങ്ങൾ മനുഷ്യഹൃദയങ്ങളെ

കലക്കിയിട്ടിരിക്കുകയാണ്. സഭയുടെ പ്രാധാന്യം എടുത്തുകളയുക എന്ന ഉദ്ദേശത്തോടെ ജനങ്ങളിൽ ആശയകുഴപ്പം ഉണ്ടാക്കിയിരിക്കയാണ് സാത്താൻ. മതപരമായ സംഘടനകളും സമുദായങ്ങളും അതിനു ഉത്തരവാദികളാണ്. ദൈവിക അജ്ഞതയുള്ളവരെയും അലസരെയും സാത്താൻ അവന്റെ ഉദ്ദേശം നിറവേറ്റാൻ ഉപയോഗിച്ചു കൊണ്ടിരിക്കയാണ്.

പല പേരുകളിൽ അറിയപ്പെടുന്ന വിവിധ സഭകൾ എല്ലായിടത്തും കാണപ്പെടുന്നുണ്ട് എന്നു നമുക്ക് അറിയാം. എന്നാൽ അവയെക്കുറിച്ചു വിശദമായി ചർച്ച ചെയ്യാൻ നമുക്കു സമയമോ സ്ഥലമോ മതിയാവുകയില്ല. പകരം നമുക്കു ബൈബിളിലെ പുതിയ നിയമത്തിലേക്കു തിരിഞ്ഞു തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന യേശു പണിതതായ സഭയെ കണ്ടെത്താം. സഭയെ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ ചിത്രം നമുക്കുകിട്ടിയാൽ നമ്മുടെ തെറ്റിദ്ധാരണ മാറും. ആ സത്യസഭയെ നാം തിരിച്ചറിഞ്ഞാൽ, അതിൽ എങ്ങനെ അംഗങ്ങളായി തീരാമെന്നറിഞ്ഞാൽ, കർത്താവിന്റെ ഹിതപ്രകാരം നമുക്ക് അതിൽ പ്രവേശിക്കാൻ കഴിയും. നാം തെറ്റിനെ ശരി എന്നു വിശ്വസിച്ചാൽ അതു ശരിയാകണമെന്നില്ല. അതുപോലെ തെറ്റായ ഒരു സഭ ശരിയായിരിക്കും എന്നു നാം ഊഹിക്കേണ്ടകാര്യമില്ല. കാരണം തിരുവെഴുത്തിൽ ആ സഭയെ ചിത്രീകരിച്ചിട്ടുണ്ട്.

ക്രിസ്തുവിന്റെ സഭയെക്കുറിച്ചു നമുക്കു ആവശ്യമുള്ളതും നാം അറിയേണ്ടതുമായ എല്ലാവിവരങ്ങളും പുതിയ നിയമ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ആരാണ് അതിന്റെ സ്ഥാപകൻ, അതിന്റെ അടിസ്ഥാനം എന്ത്? അത് എവിടെ തുടങ്ങി, അതറിയപ്പെടുന്ന നാമം, അതിന്റെ തല, അതിന്റെ രക്ഷകൻ, അതിനു കൊടുത്തവില അതിലെ അംഗങ്ങളെ അറിയപ്പെടുന്നതും നിബന്ധനകളും, അതിന്റെ സംഘടന, ആരാധന, പ്രവൃത്തികൾ തുടങ്ങിയവ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. നാം മനസ്സിലാക്കേണ്ടതും വിശ്വസിക്കേണ്ടതും ഈ ആധികാരിക രേഖകളാണ്.

നമുക്കു ആദ്യം മത്തായി 16:17-19 നോക്കാം. അവിടെ അപ്പൊസ്തലന്മാരും യേശുവും തമ്മിലുള്ള സംഭാഷണം തുടരുകയാണ്. പത്രൊസും മറ്റു അപ്പൊസ്തലന്മാരും യേശുക്രിസ്തു

ആരാണെന്നു പ്രസ്താവിച്ച ശേഷം തുടരുന്നു, "യേശു അവനോടു (പത്രൊസിനോടു) ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ; ജഡ രക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു ഉത്തരം പറഞ്ഞു". ഇവിടെ ക്രിസ്തു വാഗ്ദാനം ചെയ്തതു ഞാൻ എന്റെ സഭയെ പണിയും എന്നാണ്. സഭ അവന്റേതാണെന്നും പറയുന്നുണ്ട്.

അടുത്തതു യേശു പണിയുമെന്നു പറഞ്ഞ സഭയുടെ അടിസ്ഥാനം നമുക്കു നോക്കാം. പത്രൊസും മറ്റും യേശു ദൈവ പുത്രനാണെന്നു ഏറ്റു പറഞ്ഞശേഷം കർത്താവു പറഞ്ഞു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന്. അതിനർത്ഥം എറ്റു പറച്ചിലിന്മേൽ അവൻ സഭ പണിയുമെന്നർത്ഥം. അതുകൊണ്ട് സഭ പണിയുന്നതു പത്രൊസിന്മേലല്ല, ക്രിസ്തുവിന്മേൽ അത്രേ. ഈ ദിവസം വരെ സഭ നിലകൊള്ളുന്നതു ആ ഒരൊറ്റ അടിസ്ഥാനത്തിന്മേലത്രെ. പൗലൊസു പറയുന്നതു ശ്രദ്ധിക്കുക, "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴിയുകയില്ല". (1 കൊരിന്ത്യർ 3:11). ആകയാൽ സഭയുടെ അടിസ്ഥാനം എന്താണെന്ന കാര്യത്തിൽ സംശയമു ണ്ടോ? ഒരിക്കലുമില്ല.

അടുത്തചോദ്യം സഭ എവിടെ ആരംഭിച്ചു എന്നതാണ്. ഈ ചോദ്യത്തിനുള്ള ഉത്തരവും പുതിയ നിയമം വായിച്ചാലേ മനസ്സിലാകയുള്ളു. ആദ്യത്തെ നാലു പുസ്തകങ്ങളിൽ രാജ്യം/സഭ എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നതു ആസന്നമായിട്ടാണ്. എന്നാൽ പ്രവൃത്തികളുടെ പുസ്തകത്തിലാണ് അതിന്റെ ആവിർഭാവവും കാലവും സൂചിപ്പിച്ചിരിക്കുന്നത്. തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷം പ്രത്യക്ഷനായി ക്രിസ്തു തന്റെ ശിഷ്യന്മാരോടു ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും

സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു പറഞ്ഞു (മർക്കൊസ് 16;15; 16). വീണ്ടും, അവൻ അവരോടു യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോടു പിതാവിൽ നിന്നു കേട്ടതായ പരിശുദ്ധാത്മാവിന്റെ ശക്തി എന്ന വാഗ്ദാനം പ്രാപിക്കുവോളം അവിടെത്തന്നെ പാർപ്പിൻ എന്നു പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:8). പിന്നെ നാം പ്രവൃത്തികളുടെ പുസ്തകത്തിലേക്കു തിരിയുമ്പോൾ, പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യെഹൂദന്മാർ യെരുശലേമിൽ കൂടിയിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യെഹൂദന്മാർ അവിടെ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കാൻ വന്നിരുന്നു. അപ്പോൾ അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു പകരുകയും അവർ അന്യഭാഷകളിൽ ദൈവത്തിന്റെ വൻ കാര്യങ്ങളെ പ്രസ്താവിക്കയും ചെയ്തു. പത്രൊസിന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ മൂവായിരം പേർ സ്നാനമേറ്റു.

കർത്താവു രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർക്കുകയും ചെയ്തു. അപ്പോൾ ക്രിസ്തുവിന്റെ സഭ ആരംഭിക്കുന്നതു യേരുശലേമിലാണ്. അതു പ്രവചന നിവർത്തീകരണമായിരുന്നു. പ്രവൃത്തികൾ 2ലെ സംഭവം നടന്നതു ചരിത്രകാരന്മാരുടെ കണക്കനുസരിച്ചു എ.ഡി 33-ൽ ആണ്. കർത്താവിന്റെ സഭ ആരംഭിക്കുന്നത് വചന പ്രകാരമാണ്. ആ സഭയാണ് കർത്താവിന്റേത് എന്നു നമുക്കുതീർത്തു പറയാം. വചനപ്രകാരമല്ലാത്തതെന്തും മനുഷ്യനിർമ്മിതമാണ്. ശരിയായ സ്ഥലത്തും ശരിയായ സമയത്തുമാണ് കർത്താവു തന്റെ സഭ പണിയുന്നത്. അതിനു മുൻപോ അതിനു ശേഷമോ തുടങ്ങിയ സഭ കർത്താവിന്റേതല്ല.

ക്രിസ്തുവിന്റെ സഭയുടെ തല ക്രിസ്തുവാണ് (കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ നാമത്താലാണ് അവന്റെ സഭ അറിയപ്പെടുന്നത്. കാരണം സഭ അവന്റേതാണ്. ക്രിസ്തു തന്റെ രക്തം കൊടുത്തു സമ്പാദിച്ച സഭ പ്രാധാന്യമുള്ളതാണെന്നു വ്യക്തം (പ്രവൃത്തികൾ 20:28). സഭയിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ (പ്രവൃത്തികൾ 11:26; 1 പത്രൊസ് 4:16) എന്നു വിളിക്കപ്പെടുന്നു. രക്ഷ

ക്രിസ്തുവിന്റെ നാമത്തിൽ മാത്രമാണ് നാം വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിലായിരിക്കണം (കൊലൊസ്യർ 3:17).

എങ്ങനെ ആളുകൾക്കു ആ സഭയിൽ പ്രവേശിക്കാം എന്നു അറിഞ്ഞിരിക്കണം. കർത്താവ് പറഞ്ഞതു സുവിശേഷം കേട്ടു വിശ്വസിക്കയും, മാനസ്സാന്തരപ്പെട്ടു ക്രിസ്തു ദൈവപുത്രനെന്നു ഏറ്റു പറഞ്ഞ് പാപമോചനത്തിനായി സ്നാനമേല്ക്കുകയും വേണം. ഇത്രയും മനുഷ്യർ ചെയ്യുമ്പോൾ കർത്താവു അവരുടെ പാപങ്ങൾ മോചിച്ചു രക്ഷിക്കുന്നു. ഇങ്ങനെ രക്ഷിക്കപ്പെടുന്നവരെ കർത്താവു രക്ഷിക്കയും രക്ഷിക്കപ്പെടുന്നവരെ അവൻ സഭയോടു ചേർക്കുകയും ചെയ്യും (പ്രവൃത്തികൾ 2:47). ഇതു വളരെ വ്യക്തവും ലളിതവുമായ സത്യമാണ്. ഇതാണ് എല്ലാ മനുഷ്യരും അനുസരിക്കേണ്ടതും.

✶

## പ്രാർത്ഥനയുടെ മാതൃക

ജിം.ഇ.വാൾട്രൻ

**മുഖവുര**

നമ്മുടെ കർത്താവ് തന്റെ ശുശ്രൂഷാ കാലത്ത് ശിഷ്യന്മാർക്ക് പ്രാർത്ഥനയുടെ ഒരു മാതൃക പറഞ്ഞുകൊടുത്തിരുന്നു. അത് ഇപ്രകാരമായിരുന്നു. നിങ്ങൾ ഈവ്വണ്ണം പ്രാർത്ഥിപ്പിൻ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലുമാകണമേ. അന്നന്നത്തേക്കുള്ള ആഹാരം ഞങ്ങൾക്കു തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടനിൽ നിന്ന് ഞങ്ങളെ വിടുവിക്കണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ." ആമേൻ (മത്തായി 6:9 –13)

**1. പൊതുഅവലോകനം**

കർത്താവ് മരിച്ചു ഉയിർത്തെഴുന്നേല്ക്കുന്നതിനു മുമ്പ് തന്റെ ശിഷ്യന്മാർക്ക് പ്രാർത്ഥിക്കുന്നതിന് പറഞ്ഞുകൊടുത്ത ഒരു

മാതൃകയാണിതെന്നു മനസ്സിലാക്കാം. മത്തായിയുടെ സുവിശേഷത്തിൽ പറയുന്നത് ഇപ്രകാരമാണ്. കർത്താവ് നമ്മോടു പറഞ്ഞു നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിക്കണം: മറ്റൊരവസരത്തിൽ ലൂക്കോസ് ഇപ്രകാരം പറയുന്നു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ മേൽപറഞ്ഞ പ്രാർത്ഥന ചൊല്ലേണം (ലൂക്കോസ് 11:1-4). മത്തായി സുവിശേഷം 6-ാം അദ്ധ്യായത്തിൽ നിയമപ്രകാരമുള്ള പ്രാർത്ഥനയെ സംബന്ധിച്ചു പറയുമ്പോൾ കർത്താവു പറയുന്നത് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. തുടർച്ചയായി ഉരുവിട്ടു കൊണ്ടിരിക്കാനുള്ള ഒരു പ്രാർത്ഥനയല്ല കർത്താവുതന്നത്. പിന്നെയോ പ്രാർത്ഥനയുടെ ഒരു മാതൃകയാണ് കർത്താവ് തന്നിരിക്കുന്നത്. മാനുഷിക സമ്പ്രദായ പ്രകാരം തുടർച്ചയായി ഇപ്രകാരം ഉരുവിടുന്നവരെ കർത്താവു ശിക്ഷിക്കുമെന്നു മാത്രമല്ല അവർ കർത്താവിന്റെ വചനം മറന്നു കളയുന്നവർ ആണെന്നും അവർ മനസ്സിലാക്കുന്നില്ല. അപ്രകാരം ചെയ്യുന്നതുകൊണ്ട് വലിയവനായ ദൈവം വിശ്വാസികൾ തങ്ങളുടെ പ്രാർത്ഥനയിൽ വളർച്ച പ്രാപിക്കാൻ ഉദ്ദേശിച്ചു നൽകിയ ഈ മാതൃക ദൈവമക്കൾ അന്യമാക്കിക്കളയുന്നു.

2. പെന്തെക്കൊസ്തിനു മുമ്പുള്ളവരോട് നിന്റെ രാജ്യം വരണമെ എന്ന് പ്രാർത്ഥിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. പിന്നീട് പത്രൊസ് ഒന്നാമത്തെ പെന്തെക്കോസ്തു ദിവസം പ്രസംഗിച്ചപ്പോൾ 3000 പേർ സ്നാനപ്പെട്ട് രക്ഷിക്കപ്പെട്ട് സഭയായ രാജ്യത്തോടു ചേർന്നു. അങ്ങനെ ദൈവരാജ്യം സ്ഥാപിതമായി. പിന്നീട് പ്രാർത്ഥിക്കേണ്ടത് നിന്റെ രാജ്യം അഥവാ സഭ ലോകം മുഴുവൻ വ്യാപിക്കേണമേ എന്നാണ്. പെന്തെക്കൊസ്തിനു ശേഷം സുവിശേഷ കനായ ഫിലിപ്പോസ് ശമര്യയിൽ ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചപ്പോൾ സ്ത്രീകളും പുരുഷന്മാരും സ്നാനമേറ്റ് സഭയോടു ചേർന്നു. യോഹന്നാൻ വെളിപ്പാട് എഴുതുമ്പോൾ താൻ ദൈവരാജ്യവും സഹിഷ്ണുതയും നിമിത്തം എന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു.

3. മത്തായിയുടെ സുവിശേഷത്തിൽ കർത്താവു പഠിപ്പിച്ച മാതൃക പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ വ്യക്തിപരമായി

ആമേൻ എന്നുപറയുന്നു. അതിനുശേഷം താൻ സ്വർഗ്ഗത്തിലേക്ക് കരേറിപോകുന്നതിനു മുൻപായി തന്റെ ശിഷ്യന്മാരോടുപറഞ്ഞത് "അന്നാളിൽ നിങ്ങൾ എന്നോടൊന്നും ചോദിക്കയില്ല. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും. അവൻ എന്റെ നാമത്തിൽ നിങ്ങൾക്കു തരും." നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും (16:26) ആയതിനാൽ നാം നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായ യേശുമുഖാന്തിരം പിതാവിനോട് അറിയിക്കണം. ഒരു മനുഷ്യ സ്ത്രീയായ മറിയയ്ക്ക് ദൈവീകത്വം കല്പിച്ചുകൊണ്ട് മറിയയെ മദ്ധ്യസ്ഥയാക്കി അവർ മുഖാന്തിരം ദൈവത്തോടു പ്രാർത്ഥിക്കുന്നത് വചന വിരുദ്ധമാണ്. ഒരു മനുഷ്യനോടോ മനുഷ്യൻ മുഖാന്തിരമോ പ്രാർത്ഥിക്കുന്നത് വിഗ്രഹാരാധനയാണ്. പുരോഹിതന്മാരും മറ്റുചിലരും നേരിട്ട് യേശുവിനോട് പ്രാർത്ഥിക്കുന്നത്, അവർ കർത്താവു പഠിപ്പിച്ചതായ കാര്യങ്ങളെ മറന്നുകളയുന്നതുകൊണ്ടാണ്. അപ്പൊസ്തല പ്രവർത്തി 7:59 ലെ സ്തെഫാനൊസിന്റെ പ്രാർത്ഥന നമുക്ക് ബാധകമായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ, ആ പ്രത്യേക സാഹചര്യത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് യേശു നില്ക്കുന്നതായി അവൻ കാണുന്നു. യേശു നമ്മുടെ മഹാപുരോഹിതനാണ് (എബ്രാ 8:1) കർത്താവിന്റെ രാജ്യമായ സഭയിൽ ജനങ്ങളുടെ മദ്ധ്യസ്ഥന്മാരായി നില്ക്കുന്ന പുരോഹിത വർഗ്ഗം ഇല്ല. വെളിപ്പാട് 1:10-ൽ പറയും പ്രകാരം യേശു നമ്മെ പുരോഹിതന്മാരായി തീർത്തിരിക്കുകയാണ്. കർത്താവിന്റെ സഭയാകുന്ന രാജ്യത്തിൽ വിശ്വാസികളാകുന്ന നാമാണ് പുരോഹിതന്മാർ. 1 പത്രൊസ് 2:9-ൽ പറയുംപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗ്ഗവും, അവന്റെ രാജ്യമായ സഭയിൽ നാം ശുശ്രൂഷ ചെയ്യുന്നതിനാൽ നാം രാജകീയ പുരോഹിതന്മാരാണ്. ആയതിനാൽ നമുക്ക് ധൈര്യത്തോടെ യേശു മുഖാന്തിരം കൃപാസനത്തോട് അടുത്തുചെല്ലാം (എബ്രാ 4:14-16)

## II പ്രാർത്ഥിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പത്ത് കാര്യങ്ങൾ ചുവടെ ചേർക്കുന്നു

1. പിതാവായ ദൈവത്തെ അഭിസംബോധന ചെയ്യണം.
2. ദൈവനാമത്തിനു മഹത്വം കൊടുക്കണം.

3. ദൈവരാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കണം
4. സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും ദൈവയിഷ്ടം നടക്കുവാൻ വേണ്ടി പ്രാർത്ഥിക്കണം.
5. ഓരോ ദിവസത്തേയും ആഹാരത്തിനായി പ്രാർത്ഥിക്കണം.
6. ക്ഷമിക്കുവാൻവേണ്ടി പ്രാർത്ഥിക്കണം.
7. സാത്താന് ശക്തികളിൽ നിന്നും വിടുതൽ ലഭിക്കുന്നതിനായി പ്രാർത്ഥിക്കണം.
8. ദൈവത്തിന്റെ മഹത്വത്തേയും അധികാരത്തേയും അംഗീകരിച്ചുകൊണ്ടു പ്രാർത്ഥിക്കണം.
9. യേശുവിന്റെ നാമത്തിൽ അപേക്ഷിക്കണം.
10. ആമേൻ പറയണം.

**1. ദൈവത്തെ അഭിസംബോധന ചെയ്യണം.**

നമ്മുടെ പിതാവായ ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നവനും നമ്മുടെ രക്ഷകനുമാണ്. അതുകൊണ്ടാണ് നാം അവനെ സ്വർഗ്ഗീയ പിതാവെന്ന് അഭിസംബോധന ചെയ്യുന്നത്. നമുക്കെല്ലാം ജഡികമായ അവസ്ഥയിൽ പിതാക്കന്മാരുണ്ട്. നാം അവരെ ബഹുമാനിക്കണം. എന്നാൽ നമുക്കെല്ലാം ഒരു ആത്മീയ പിതാവുണ്ട്. പിതാവെന്ന് വിശേഷിപ്പിച്ചുകൊണ്ട് പലരും സ്വയം ഉയർത്തുന്നത് പാപവും ദൈവത്തിന് നിരക്കാത്തതുമാണ്. മത്തായിയുടെ സുവിശേഷം 23:9-ൽ പറയുന്നത് ഇപ്രകാരമാണ് "ഭൂമിയിൽ ആരേയും പിതാവെന്നു വിളിക്കരുത് ഒരുത്തനത്രെ നിങ്ങളുടെ പിതാവ്. അവൻ സ്വർഗ്ഗത്തിൽ വസിക്കുന്നു." പുരോഹിതന്മാർ പിതാവെന്നുള്ള ദൈവത്തിന്റെ നാമം അവരുടെ പാരമ്പര്യസമ്പ്രദായ പ്രകാരം അപഹരിച്ചെടുത്തിരിക്കുന്നു. എന്നാൽ കർത്താവ് മർക്കോസ് 7:9-ൽ പറയുന്നു "നിങ്ങളുടെ സമ്പ്രദായങ്ങളെ പ്രമാണിപ്പാൻ വേണ്ടി ദൈവകല്പനകളെ തള്ളികളയുന്നതു നന്നായി.

**2. ദൈവനാമത്തിനു മഹത്വം കൊടുക്കുക.**

ദൈവം വിശുദ്ധനാണ്. ആയതിനാൽ അവന്റെ നാമത്തെ മഹത്വപ്പെടുത്തണം. ദൈവസിംഹാസനത്തിനു ചുറ്റും നിന്നുകൊണ്ട്

സാറാഫുകൾ (ദൂതന്മാർ) സർവ്വശക്തിയുള്ള ദൈവം പരിശുദ്ധൻ പരിശുദ്ധൻ എന്ന് രാപ്പകൽ വിശ്രമം കൂടാതെ പറഞ്ഞുകൊണ്ടിരിക്കുന്നു. നെഹമ്യാവിന്റെ കാലത്ത് ലേവ്യ പുരോഹിതന്മാർ പറഞ്ഞത് നിങ്ങൾ എഴുന്നേറ്റ് നിങ്ങളുടെ ദൈവമായ യഹോവയെ വാഴ്ത്തുവിൻ. സകല പ്രശംസയ്ക്കും സ്തുതിക്കും മീതെ ഉയർന്നിരിക്കുന്ന നിന്റെ മഹത്വമുള്ള നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നാണ്.

3. മുഖവുരയിൽ പറഞ്ഞിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ രാജ്യം മർക്കൊസ് 9:1-ൽ വാഗ്ദത്തം ചെയ്തതുപോലെ വന്നുകഴിഞ്ഞു. അത് അപ്പൊസ്തലപ്രവൃത്തി 2:33-41-യുള്ള ഭാഗത്ത് പരിശുദ്ധാത്മാവ് ഉറപ്പിക്കുന്നു. ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലനായ പൗലൊസ് അക്കാര്യത്തിന്റെ നിവൃത്തിയെക്കുറിച്ചു വ്യക്തമാക്കുന്നു. അന്ധകാരത്തിന്റെ ബന്ധനത്തിൽ നിന്നും വിടുവിച്ചു ക്രിസ്തുവിന്റെ സ്നേഹത്തിൽ അവന്റെ രാജ്യത്തിൽ നമ്മെ ആക്കിവെച്ചിരിക്കുന്നു. (കൊലൊസ്യർ 1:13).

ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടുംകൂടെ സേവചെയ്ക. അങ്ങനെ ദൈവരാജ്യം ഭൂമിയിൽ നിറയുവാനായി നാം പ്രാർത്ഥിക്കണം.

a. ദൈവരാജ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥനയിൽ നമ്മുടെ യാചനകൾ മദ്ധ്യസ്ഥതകൾ, മനുഷ്യനുവേണ്ടിയുള്ള നന്ദിവാചകങ്ങൾ 1 തിമൊഥെയൊസ് 2:1-ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം അപേക്ഷിക്കേണ്ടതാണ്. യേശുവിനെ അറിയാത്തവരായി അറുനൂറുകോടി ജനങ്ങൾ ഭൂമിയിൽ ഉണ്ട്.

b. യേശുകർത്താവു കല്പിച്ചതുപോലെ കൊയ്ത്തു വളരെ ഉണ്ട് സത്യം വേലക്കാരൊ ചുരുക്കം. കൊയ്ത്തിന്റെ യജമാനനോട് വേലക്കാർക്കായ് അപേക്ഷിപ്പിൻ (മത്തായി 9:37, 38) ദൈവഹിതം എന്നതോ സകല മനുഷ്യരും രക്ഷിക്കപ്പെട്ട് ദൈവീക പരിജ്ഞാനത്തിൽ ആയി തീരണം എന്നുള്ളതാണ് (1 തിമൊഥെയൊസ് 2:4).

4. ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ എന്നു പ്രാർത്ഥിക്കണം.

രാജാക്കന്മാർക്കു വേണ്ടിയും പ്രസിഡന്റ്മാർക്ക് വേണ്ടിയും പ്രധാനമന്ത്രിമാർക്കുവേണ്ടിയും പ്രാർത്ഥിക്കണം. അപ്രകാരം ശാന്തവും സമാധാനവുമായ ദൈവീക സമാധാനം ഭൂമിയിൽ ഉടലെടുക്കുവാൻ ഇടയാകും (1 തിമൊഥെയൊസ് 2:2). നമ്മുടെ ജീവിതത്തിലും ദൈവീക ഇഷ്ടം നിറവേറപ്പെടുവാൻ കാരണമാകണം.

5. ഞങ്ങൾക്ക് അന്നന്നത്തേയ്ക്ക് ആവശ്യമുള്ള ആഹാരം തരേണമേ എന്നു പ്രാർത്ഥിക്കണം.

ദാരിദ്ര്യവും സമ്പത്തും എനിക്കുതരാതെ നിത്യവൃത്തിതന്ന് എന്നെ പോഷിപ്പിക്കേണമേ എന്നു പ്രാർത്ഥിക്കണം. ദൈവശക്തിയോടുകൂടിയുള്ള അല്പം ഏറെ നല്ലത്. ധനവാനാകാൻ ആഗ്രഹിക്കുന്നവൻ നാനാവിധ പരീക്ഷകളിൽ അകപ്പെട്ട് തനിക്കുതന്നെ അനർത്ഥം ക്ഷണിച്ചുവരുത്തുന്നു. (1 തിമൊഥെയൊസ് 6:6-9) ഭൗതീകാവശ്യങ്ങൾക്കായി ദൈവത്തോട് നിരന്തരം യാചിക്കണം. യേശുവിന്റെ നാമത്തിൽ നിരന്തരം സ്തുതിക്കണം (എഫെസ്യർ 5:20).

1) പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾക്ക് ഉപരിയായി ദാരിദ്ര്യത്തിലും ദു:ഖത്തിലും വരൾച്ചയിലും യുദ്ധത്തിലും ആയിരിക്കുന്നവരെ നാം ഓർക്കേണം.
2) അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണണം. (യാക്കോബ് 1:27) അപ്രകാരമുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കണം (സങ്കീർത്തനങ്ങൾ 146:9) ആവർത്തനം 10:18.
3) രോഗികൾക്കും, മുടന്തർക്കും, ദു:ഖമനുഭവിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിക്കണം. (യാക്കൊബ് 5:13) നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവും മനുഷ്യരുടെ പിഴകളെ ക്ഷമിക്കും. നിങ്ങൾ മനുഷ്യരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ പിതാവും നിങ്ങളുടെ പിഴകളേയും ക്ഷമിക്കുകയില്ല (മത്തായി 6:14, 15).
4) നമ്മുടെ പിഴകളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരി

പ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

**6. നാം പ്രാർത്ഥിക്കുമ്പോൾ അന്യോന്യം പിഴകൾ ക്ഷമിക്കണം.** അതു നിങ്ങളുടെ മുറിവുകളെ ഭേദമാക്കും. (യാക്കോബ് 5:16) എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ നീതിമാന്റെ പ്രാർത്ഥന വളരെ ഫലിക്കുന്നു.

**7. ദുഷ്ടതയിൽ നിന്നുള്ള വിടുതലിനായി പ്രാർത്ഥിക്കണം.** ദൈവം തന്റെ ഭക്തന്മാരെ സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. എങ്കിലും ചിലസന്ദർഭങ്ങളിൽ പരീക്ഷക്കായി അനുവദിക്കുന്നു. (എബ്രായർ 12:5, 6) മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്. അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു. എന്നിങ്ങനെ മക്കളോട് എന്നപോലെ നിങ്ങളോടും സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ. അബ്രഹാമിന്റേതായ മാതൃക ഉദാഹരണമായി കാണുക. ഉല്പത്തി 22:1-9 അപ്രകാരം ഇയ്യോബിന്റെ കഷ്ടതകൾ ഇയ്യോബ് 1, 2, 4,2 അദ്ധ്യായങ്ങളിൽ കാണാം. യാക്കോബ് 5:11-ൽ പറയുന്ന സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാരെന്നു പുകഴ്ത്തുന്നു. ഇയ്യോബിന്റെ സഹിഷ്ണുത നിങ്ങൾകേട്ടും കർത്താവ് വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു. കർത്താവ് മഹാകരുണയും മനസ്സലിവും ഉള്ളവനല്ലയോ. (ഇയ്യോബ് 1:8-12, 2:4-10, 23:10) നാം ശപിക്കപ്പെട്ടതായ ഈ ഭൂമിയിൽ വസിക്കുന്നു. (ഉല്പത്തി 3:17, റോമ 8:22) അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ അനുഗ്രഹത്തോടുകൂടെ കഷ്ടതകളും ഉണ്ട് (മർക്കൊസ് 10:12).

**8. ദൈവത്തിന്റെ രാജ്യവും ശക്തിയും മഹത്വവും അറിയുക.** (മത്തായി 6:13) യേശുകർത്താവ് അരുളിച്ചെയ്യുന്നു രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു (എഫേസ്യർ 3:21) എല്ലാ യുഗങ്ങളിലും അന്ത്യമില്ലാത്ത ദൈവീക മഹത്വം വെളിപ്പെടുത്തുന്നു. സാറാഫുകളും (ജീവനുള്ള ജീവികൾ) 24 മൂപ്പന്മാരും വിശ്രമമില്ലാതെ വിളിച്ചുപറയുന്നത് "നീ മാത്രം സകല മഹത്വത്തിനും ബഹുമാനത്തിനും അധികാരത്തിനും യോഗ്യൻ (വെളിപാട് 4:11).

നമ്മുടെ പ്രാർത്ഥനയിൽ പിതാവായ ദൈവത്തിന്റെ ദൈവീക മഹത്വങ്ങളെ ഓർത്ത് നാം സ്തുതിക്കണം.

**9. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം**

മുകളിൽ പറഞ്ഞതുപോലെ മഹാപുരോഹിതനായ യേശുവിന്റെ നാമത്തിൽ നമ്മുടെ പ്രാർത്ഥനകളെ പിതാവിങ്കൽ അർപ്പിക്കണം (എബ്രാ. 4:14, 16)

ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടെ കടന്നുപോയൊരു ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്കുള്ളതുകൊണ്ട് നാം നമ്മുടെ സ്വകാര്യം മുറുകെ പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്നവനല്ലോ. പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യനായ് പരീക്ഷിക്കപ്പെട്ടവൻ അത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തക്കസമയത്ത് സഹായത്തിനായുമുള്ള കൃപ പ്രാപിപ്പാനും ആയി നാം ധൈര്യത്തോടെ കൃപാസനത്തിങ്കലേക്കു അടുത്തുചെല്ലുക. യോഹന്നാൻ 16:26-ൽ യേശുകർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു എന്റെ നാമത്തിൽ യാചിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങൾക്കു ചെയ്തുതരും രാജ്യത്തിന്റെ നിയമപ്രകാരം പ്രസിഡന്റ് പ്രധാനമന്ത്രി തുടങ്ങിയ ഭരണകർത്താക്കളെ നിയമിച്ചിരിക്കുന്നു. ഓരോ ഗ്രാമങ്ങളുടേയും ആവശ്യങ്ങൾക്കായി പ്രതിനിധികളെ നിയമിച്ചിരിക്കുന്നു. ആ പ്രതിനിധികളുടെ ആവശ്യപ്രകാരം പ്രസിഡന്റ് അവർക്കുവേണ്ടുന്ന കാര്യങ്ങൾ ചെയ്തു കൊടുക്കണം. അങ്ങനെയെങ്കിൽ സർവ്വലോകത്തിന്റെ സൃഷ്ടാവായ ദൈവം തന്റെ പുത്രൻ മുഖാന്തരം അപേക്ഷിക്കുന്നതായ കാര്യങ്ങൾ എത്ര അധികമായി ചെയ്തുകൊടുക്കും.

**10. ആമേൻ എന്നു പറയുന്നു.**

എബ്രായ ഭാഷയിൽ നിന്നുള്ള ഉദ്ധരണിയാണിത്. അതിന്റെ അർത്ഥം തീർച്ചപ്പെടുത്തുക ഉറപ്പാക്കുക എന്നാണത്രേ. 1 കൊരിന്ത്യർ 14:16 വാക്യത്തിൽ പറയുന്നു അല്ല നീ ആത്മാവു കൊണ്ട് സ്തോത്രം പറഞ്ഞാൽ ആത്മാവില്ലാത്തവൻ നീ പറയുന്നത് തിരിച്ചറിയാതിരിക്കേ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും.

ഉപസംഹാരം

1. പ്രാർത്ഥനയെക്കുറിച്ചുള്ള പത്തുപോയിന്റുകൾ മനപ്പാഠം ആക്കുക.
2. പ്രധാനപ്പെട്ട പോയിന്റ് പൊതുപ്രാർത്ഥനയിൽ ഉപയോഗിക്കുക.
3. മോഡൽ പ്രാർത്ഥന വിശദമാക്കുക.
4. പ്രസംഗിക്കുന്ന സമയത്ത് പ്രാർത്ഥിക്കരുത്.
5. പ്രാർത്ഥിക്കുന്ന വ്യക്തി എല്ലാവരും കേൾക്കെ ഉറക്കെ പ്രാർത്ഥിക്കുക.

*

## കൊടുക്കുന്നതിനാൽ ലഭിക്കുന്ന സന്തോഷം

അൻപത് വർഷങ്ങൾക്ക് മുൻപ് വിധവയായിത്തീർന്ന ഒരു സ്ത്രീ തമിഴ്നാട്ടിലെ ഒരു കൊച്ചു ഗ്രാമത്തിൽ പാർക്കുന്നു. 1963 ലെ വൈദ്യപരിശോധനയിൽ താൻ ഒരു ക്യാൻസർ രോഗിയാണെന്ന് മനസ്സിലാക്കുകയും അതിനുള്ള ചികിത്സക്കായി ചെന്നയിൽ എത്തിച്ചേരുകയും ചെയ്തു രോഗം നിയന്ത്രിതമായതിനാൽ ദൈവത്തെ സ്തുതിക്കുന്നു. ഭർത്താവിന്റെ മരണസമയത്ത് ഡൽഹിയിൽ ആയിരുന്ന സ്ത്രീ പിന്നീട് തന്റെ വീടും സ്ഥലവും വിറ്റു തെക്കേ ഭാരതത്തിലേക്ക് താമസംമാറ്റി പുതിയ ദേശത്ത് ജീവിത സന്താരണത്തിനായി ജോലി ചെയ്യുവാൻ തുടങ്ങി. ആ ജോലി ഇതായിരുന്നു വീട്ടിൽ ഇഡലി ഉണ്ടാക്കി അയൽക്കാർക്ക് വിറ്റുപോന്നു. പിന്നീട് ഒരു ലേഡീഡോക്ടറുടെ സഹായിയായി ജോലി ചെയ്തു. തന്റെ അദ്ധ്വാനത്തിലൂടെ നേടിയ അയ്യായിരം രൂപ പോസ്റ്റോഫീസ് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിച്ചു തുടർന്നുള്ള കഠിനാദ്ധ്വാനവും സമ്പാദ്യശീലവും മുഖാന്തരം മൂവായിരം രൂപ കൂടെ ആ നിക്ഷേപത്തോടു കൂട്ടുവാൻ കഴിഞ്ഞു.

തന്റെ ബാല്യം മുതൽ പൂർവ്വീകരുടെ മതത്തെക്കുറിച്ച് മാത്രമേ അറിഞ്ഞിരുന്നുള്ളു. 2002ൽ ജീവിതത്തിൽ 70 വയസ്സിന് ശേഷം ക്രിസ്തുവിനെക്കുറിച്ച് കേൾക്കുകയും ക്രിസ്തുവിൽ സ്നാനം ഏൽക്കുകയും പുതിയ നിയമ ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. മാനസ്സാന്തരശേഷം തുടർച്ചയായി സഭയിൽ വരുക മാത്രമല്ല. സഭയിൽ ഒരു സഹായികൂടിയായിത്തീർന്നു. പ്രാർത്ഥനാഹാൾ തുടർച്ചയായി വൃത്തിയാക്കുന്ന ജോലി ചെയ്തു പോന്നു. തന്റെ

പ്രായാധിക്യവും സഭയിലെ ജോലിഭാരവും കണക്കിലെടുത്ത് സഭ അവർക്ക് എല്ലാമാസവും ഒരു ചെറിയ ധനസഹായം ചെയ്തുപോന്നു. ഇപ്പോൾ അവർ 3.75 X 2.75 മീറ്റർ വിസ്തീർണ്ണമുള്ള ഒരു കൊച്ചു മുറിയിൽ താമസിക്കുന്നു. അത് ഒരു ദയയുള്ള അയല്ക്കാരന്റെ സംഭാവനയാണ്.

ഒന്നാം നിലയിലുള്ള ഒരു വാടക കെട്ടിടത്തിലാണ് ആരാധന നടക്കുന്നത്. ഇപ്പോൾ ആരാധനയ്ക്ക് വരുന്ന എൺപത് വിശ്വാസികളെ ഉൾക്കൊള്ളുവാൻ സ്ഥലം പോരായ്കയാൽ ആ സഭയിൽ ശുശ്രൂഷിക്കുന്ന സഹോദരൻ 2005 നവംബറിൽ ഇപ്രകാരം പറഞ്ഞു നമുക്ക് സ്വന്തമായി ഒരു സ്ഥലവും ആരാധനാലയവും ആവശ്യമായിരിക്കുന്നു. ഈ വാർത്ത ആ വിധവയായ സ്ത്രീയുടെ ഹൃദയത്തെ സ്പർശിച്ചു അവർ പതിനാറായിരത്തി അഞ്ഞൂറ് രൂപയുമായി മുന്നോട്ട് വന്ന് ഇപ്രകാരം പറഞ്ഞു ഇത് മതിയാകുകയില്ല എങ്കിലും ഞാൻ ആദ്യം വരുന്നു. ഇത് കണ്ട് ശുശ്രൂഷക്കാരൻ പരിഭ്രാന്തിയോടെ വേണ്ട! ഇത് നിങ്ങളുടെ ആവശ്യത്തിനായി ഉപയോഗിക്കുകയെന്ന് പറഞ്ഞ് നിരുത്സാഹപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും അവർ പിന്മാറാതെ ഇപ്രകാരം പറഞ്ഞു ദയവായി സ്വീകരിക്കുക ഇത് പാഴാക്കാതെ ശരിയായി ഉപയോഗിക്കുക. ഇത് എനിക്ക് ദൈവം തന്നു ഞാൻ നിത്യജീവനായിട്ട് ഇത് ദൈവത്തിന് തിരികെ നൽകുന്നു.

ഈ പ്രവർത്തനത്തിലൂടെ അവർ ഈ ധനത്തിന്റെ ഉറവിടത്തെക്കുറിച്ച് വ്യക്തമാക്കി പോസ്റ്റാഫീസ് സമ്പാദ്യ പദ്ധതിയിലൂടെ ഈ ധനം വർദ്ധിക്കുക മാത്രമല്ല ഇരട്ടിയിലധികമായി തീർന്നു. ഇത് ആരാധനാലയത്തിന്റെ പണിക്കായി ഏല്പിക്കുന്നു എന്നു പറഞ്ഞു. എന്നാൽ ഇതിൽ നിന്നും ഒരു വിഹിതം തിരികെ വാങ്ങണം എന്ന വാക്കോടെ സഹോദരന്മാർ പണം സ്വീകരിച്ചു. അതിൻപ്രകാരം നാനൂറ് രൂപ ആ സ്ത്രീ തിരികെ വാങ്ങി തുടർന്നു തന്റെ യൗവ്വനകാലമത്രയും ധരിച്ചിരുന്ന സ്വർണ്ണ മോതിരം അവർ ഊരി കെട്ടിടം പണിക്കായി ഏല്പിച്ചു. അതിന്റെ വില രണ്ടായിരത്തി അഞ്ഞൂറ് രൂപയായിരുന്നു.

ഇത് മനോഹരവും ശക്തവുമായ ഒരു കഥയാണ്. പാവപ്പെട്ടവളും, വിധവയുമായ ഒരു ക്രിസ്തീയ സഹോദരി ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പരിധികൾക്കതീതമായി ദൈവ രാജ്യത്തിനു വേണ്ടി ചെയ്തു. മത്തായി 6:23 – ൽ രേഖപ്പെടുത്തിയിരി

ക്കുന്നതുപോലെ മുന്നമേ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുന്നവർക്ക് ഒരു നല്ല ഉദാഹരണമാണ് ഈ സഹോദരി. ഈ സമർപ്പണം അത്ഭുതാവഹമാണ്. യാക്കോബിന്റെ ലേഖനം 2:5-ൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദാനവും ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിന് തിരഞ്ഞെടുത്തില്ലയോ? അപ്രകാരം ദരിദ്രരും ദൈവത്തെ അറിഞ്ഞവരും തങ്ങളുടെ യൗവനത്തിൽ ക്രിസ്തുസേവയിൽ വിശ്വസ്തരായിരിക്കുന്നു.

ഈ പാവപ്പെട്ടവൾക്ക് വിദ്യാഭ്യാസവും, ശ്രേഷ്ഠമായ കഴിവുകൾ, ശ്രേഷ്ഠത, തന്റെ സമപ്രായക്കാരിൽ കവിഞ്ഞ വിശേഷതകൾ, സ്വാധീനങ്ങൾ ഒന്നും തന്നെയില്ല. എങ്കിലും ദാരിദ്ര്യത്തിലും കഴിവുകേടും നിറഞ്ഞ തന്റെ ജീവിതത്തിൽ ദൈവത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ദൃഢപ്രതിഷ്ഠയോടുകൂടി മുന്നേറുന്നു. യവ്വനത്തിൽ ദു:ഖവും ദാരിദ്ര്യവും അനുഭവിച്ച ഒരു വ്യക്തിക്ക് എങ്ങിനെ ഇപ്രകാരമുള്ള തീക്ഷ്ണതയും സമർപ്പണവും ഉണ്ടായി എന്ന് ചോദിക്കുവാൻ ഒരുവൻ തുനിഞ്ഞാൽ അതിനുള്ള ഉത്തരം. കൊരിന്ത്യർ 8:1-5 അപ്പൊസ്തലനായ പൗലൊസ് മക്കദോന്യയിൽ ഉള്ള ക്രിസ്ത്യാനികളുടെ ദാനത്തെ പ്രകീർത്തിച്ചെഴുതിയിരിക്കുന്നു. സഹോദരന്മാരെ മക്കദോന്യ സഭകൾക്ക് ലഭിച്ച ദൈവകൃപ ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു. കഷ്ടത എന്ന കഠിനശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷ സമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാര്യം കാണിപ്പാൻ കാരണമായിത്തീർന്നു. വിശുദ്ധന്മാരുടെ സഹായത്തി നുള്ള ധർമ്മവും കൂട്ടായ്മയും സംബന്ധിച്ച് അവർ വളരെ താല്പര്യത്തോടെ ഞങ്ങളോട് അപേക്ഷിച്ചു പ്രാപ്തി പോലെയും പ്രാപ്തിക്ക് മീതെയും സ്വമേധയായി കൊടുത്തു എന്നതിന് ഞാൻ സാക്ഷി ഞങ്ങൾ വിചാരിച്ചതുപോലെയല്ല അവർ മുമ്പേതന്നെ കർത്താവിന്നും പിന്നെ ദൈവേഷ്ടത്തിനൊത്ത വണ്ണവും ഞങ്ങൾക്ക് ഏല്പിച്ചു.

ഭൗതിക ആവശ്യങ്ങൾക്കായി കഷ്ടപ്പെടുകയെന്നുള്ളത് മനുഷ്യസഹജമായ ഒരുകാര്യമാണ് പ്രതികൂലവേളയിലും

ഉല്പാദികളോടുംകൂടി അതിനുവേണ്ടി യത്നിക്കുന്നു എന്നാൽ ദൈവത്തിനുവേണ്ടി ത്യാഗോന്മുഖമായി കൊടുക്കുക എന്നത് ഒന്നാമതായി തങ്ങളെ തന്നെ അഥവാ സ്വയമായി ദൈവത്തിനു വേണ്ടി സമർപ്പിക്കുക. യാക്കോബ് ഇപ്രകാരം സൂചിപ്പിക്കുന്നു, ദാരിദ്ര്യം എന്നത് ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നതിൽ വിശ്വാസത്തിൽ ഉള്ള സമ്പന്നതയാണ്. വെളിപാട് 2:9ൽ സമ്പൂർണ്ണ സഭയെക്കുറിച്ച് കർത്താവ് പറയുന്നു ഞാൻ നിന്റെ കഷ്ടതയും ദാരിദ്ര്യവും അറിയുന്നു എങ്കിലും നീ ധനവാനാകുന്നു. ഇപ്രകാരമുള്ള ഒരു വ്യക്തിപരമായ സമർപ്പണമാണ് കർത്താവ് നമ്മിൽ നിന്നും പ്രതീക്ഷിക്കുന്നത്. ഇപ്രകാരമുള്ള ദാനങ്ങളെക്കുറിച്ച് കർത്താവും അപ്പൊസ്തലന്മാരും പഠിപ്പിച്ചു. ജീവിതത്തിൽ ഏറ്റവും ശ്രേഷ്ഠമായത് ദൈവത്തിനായി സമർപ്പിക്കുക ഇവിടെ ധനവാനെന്നും ദരിദ്രനെന്നും വ്യത്യാസമില്ലാ. എന്തുകൊണ്ടെന്നാൽ ഇത് ഒരു മനഃപൂർവ്വദാനമാകുന്നു. മോശയുടെ ന്യായപ്രമാണപ്രകാരം എല്ലാ യെഹൂദനും ദൈവത്തിനുവേണ്ടി സ്വമേധയാ ദാനങ്ങൾ കൊടുക്കുവാൻ അവസരം ഉണ്ടായിരുന്നു. പുറപ്പാട് 36:2-7. എന്നാൽ ദശാംശം അഥവാ പത്തിൽ ഒന്ന് എന്ന നിർബ്ബന്ധ ദാനങ്ങളും കല്പിച്ചിരിക്കുന്നു. തങ്ങളുടെ എല്ലാവിധ വരുമാനങ്ങളും പത്തിൽ ഒന്ന് ദൈവത്തിനായി വേർതിരിക്കണം ലേവ്യാപുസ്തകം 27:30-32.

പല സഭാവിഭാഗങ്ങളും (ഉദാ-പാസ്റ്റേഴ്സ് പ്രീസ്റ്റ്, ബിഷോപ് തുടങ്ങിയവർ) പഴയനിയമത്തിലെ ദശാംശത്തിന്റെ നിയമത്തെ യേശുവിന്റെ അനുയായികളുടെമേൽ അടിച്ചേൽപിക്കുന്നു. യേശുക്രിസ്തുവിന്റെ ക്രൂശ്മരണത്തോടു കൂടി ഇത് മാറ്റപ്പെട്ടു. എബ്രായർ 7:12-ൽ വായിക്കുന്ന പൗരോഹിത്യം (പഴയ നിയമം) മാറ്റപ്പെട്ടു അഹരോന്റെ പൗരോഹിത്യത്തിന് മാറ്റം വന്നിട്ട് മൽക്കിസദേക്കിന്റെ ക്രമപ്രകാരമുള്ള നിത്യമായ പൗരോഹിത്യം യേശുക്രിസ്തുവിനാൽ സ്ഥാപിതമായി - കൊലോസ്യർ 2:14 അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മായിച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്നും നീക്കിക്കളഞ്ഞു.

നമ്മെ ഭരിക്കുന്നതായ സർക്കാർ നിശ്ചയിക്കുന്ന പത്തു ശതമാനം നികുതി അപ്രകാരമുള്ള നിയമങ്ങൾ അനുസരിക്കുവാൻ

നാം കടപ്പെട്ടിരിക്കുന്നു. റോമ. 13:1-7 രാജ്യത്തിന്റെ പൗരൻ എന്ന നിലയ്ക്ക് എല്ലാ നികുതികളും അടെയ്ക്കുവാൻ നാം കടംപെട്ടിരിക്കുന്നു. അതിനപ്പുറം വേറെ ഒഴികഴിവുകളില്ല. എന്നാൽ ക്രിസ്തുവിന്റെ പുതിയ നിയമത്തിൽ ദൈവം ജനങ്ങളെ ദശാംശത്താൽ ബന്ധിച്ചിട്ടില്ല. അതുകൊണ്ട് പ്രസംഗകനോ, പാസ്റ്ററോ, പ്രീസ്റ്റോ തുടങ്ങി ആർക്കും സഭയിൽ നിന്ന് ദശാംശം പിരിക്കുവാൻ അധികാരമില്ല. ദശാംശം എന്നത് ക്രിസ്തുവിന്റെ നിയമത്തിൽപ്പെട്ട കാര്യമല്ല-ഗലാത്യർ 6:10, റോമർ 8:2 പെസഹ, പെന്തെക്കോസ്തു പെരുന്നാൾ, ശബത്ത് തുടങ്ങിയവ കൊലൊസ്യർ 2:14-16 എന്നാൽ ക്രിസ്ത്യാനികൾക്കായ് പരിശുദ്ധാത്മാവ് പൗലൊസിൽക്കൂടി കല്പിച്ചിരിക്കുന്നു.

ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ (ഞായറാഴ്ച) നിങ്ങളിൽ ഓരോരുത്തൻ തനിക്ക് കഴിവുള്ളത് തന്റെ പക്കൽ കരുതി വച്ചുകൊള്ളേണം 1 കൊരിന്ത്യർ 16:2.

കുറിപ്പ്:ഇത് ക്രിസ്ത്യാനികൾ കൊടുക്കേണ്ട ശതമാനത്തെക്കുറിച്ച് ഇവിടെ വ്യക്തമാക്കുന്നില്ല. എന്നാൽ പ്രാപ്തിക്കൊത്തവണ്ണം ഇത് ഒരു മനഃപ്പൂർവ്വദാനം ഇതേ അപ്പൊസ്തലൻ തന്നെ വിതയേയും കൊയ്ത്തിനേയും കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ധാരാളമായി വിതക്കുന്നവൻ ധാരാളമായ് കൊയ്യും ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും എന്നതു തങ്ങളുടെ ദാനത്തിന്റെ ഗുണവും ശ്രേഷ്ഠതയും വിവരിക്കുന്നു.

2 കൊരിന്ത്യർ 9:6-7 എന്നാൽ ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും ധാരാളമായി വിതക്കുന്നവൻ ധാരാളമായി കൊയ്യും എന്ന് ഓർത്തുകൊള്ളുവിൻ അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ സങ്കടത്തോടെ അരുത് നിർബന്ധത്താലും അരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.

ക്രിസ്ത്യാനികൾ എത്രശതമാനം കൊടുക്കണം എന്നതിനെക്കുറിച്ച് തിരുവചനം അനുശാസിക്കുന്നില്ല. മനഃപൂർവ്വമായി സന്തോഷത്തോടെ കൊടുക്കുന്നവർക്ക് ദൈവീക ജ്ഞാനവും സന്തോഷവും അനുഭവിക്കാൻകഴിയും അതുകൊണ്ടാകുന്നു മേൽപറഞ്ഞ സഹോദരി തന്റെ നിക്ഷേപം ദൈവത്തിനായി

സമർപ്പിച്ചത്. മനഃപൂർവ്വദാനം എന്നത് എത്രയായിരിക്കണം എന്നതിനെക്കുറിച്ച് പലരും ചിന്തിക്കുന്നത്പോലെ ചില വ്യക്തമായ സൂചനകൾ തിരുവെഴുത്തുകളിൽ നാം കാണുന്നു. ഇത് നമ്മുടെ സംശയങ്ങളെ ദൂരീകരിക്കുവാൻ ഉതകുന്നതാകയാൽ സ്വമേധയായ ദാനങ്ങളെക്കുറിച്ച് ദൈവദാസന്മാർ തിരുവചനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

റോമ 15:4 എന്നാൽ മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട് നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു.

1. അപ്രകാരം ഒരുദാഹരണം : അബ്രഹാം സീനായി മലയിൽ മോശക്ക് ന്യായപ്രമാണം ലഭിക്കുന്നതിന് നാനൂറ് വർഷം മുൻപ് പൂർവ്വീകരുടെ ആചാരപ്രകാരം ജീവിച്ചു. ഈ വിശ്വാസവീരൻ ദൈവത്തിന്റെ പുരോഹിതനായ മല്ക്കിസദേക്കിന് ദശാംശം കൊടുത്തു ഉല്പത്തി 14:18–20.

2. സമാനമായ മറ്റൊരുദാഹരണം: യാക്കൊബ് അബ്രഹാമിന്റെ കൊച്ചുമകൻ രണ്ടുതലമുറകൾക്ക് ശേഷം തൊഴിൽ ഇല്ലാതെ അലയുമ്പോൾ നീ എനിക്ക് നൽകുന്ന സകല നന്മയിലും ദശാംശം തരുമെന്ന് ദൈവത്തോട് ഉടമ്പടി ചെയ്യുന്നു ഉല്പത്തി 28:20–22.

3. പുതിയനിയമത്തിൽ പങ്കുകാരനായി സക്കായി ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവൻ കർത്താവിനോട് പറയുന്നു, കർത്താവേ എനിക്കുള്ളതിൽ പകുതി ഞാൻ ദരിദ്രർക്കായി കൊടുക്കുന്നു. ലൂക്കൊസ് 19:18 ഇത് മനഃപൂർവ്വദാനത്തിന് നല്ല ഒരു ഉദാഹരണം ധനത്തിൽ പകുതി ദൈവത്തിനും ദൈവവേലക്കുമായി.

4. ലൂക്കൊസ് അതുപോലെ വ്യക്തമായ ഒരു ഉദാഹരണം കൂടെ രേഖപ്പെടുത്തിയിരിക്കുന്നു മനഃപൂർവ്വദാനത്തെക്കുറിച്ച് യേശു തലപൊക്കി നോക്കിയപ്പോൾ. ധനവാനായ ഒരു മനുഷ്യൻ ഭണ്ഡാരത്തിൽ പണമിടുന്നത് കണ്ടു. അതുപോലെ ഒരു വിധവയും തന്റെ കയ്യിലുണ്ടായിരുന്ന രണ്ട് വെള്ളിക്കാശ് ഇട്ടു ഇത് കണ്ടിട്ട് യേശുപറഞ്ഞത് അവരെല്ലാവരിലും അധികം ഇട്ടത് വിധവയാകുന്നു മറ്റുള്ളവർ തങ്ങളുടെ സമൃദ്ധിയിൽ നിന്ന് ഇട്ടപ്പോൾ ആ വിധവ തന്റെ നൂറ് ശതമാനവും ദൈവത്തിനായി കൊടുത്തു അവൾ

ദൈവത്തെ സ്നേഹിച്ചതുകൊണ്ട് അങ്ങനെ ചെയ്തു.

ആകയാൽ ദൈവ സന്നിധിയിൽ മന:പൂർവ്വമായി ചെയ്യുന്ന കാര്യങ്ങളും ശതമാനങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ദൈവജനമേ മന:പൂർവ്വമായും സന്തോഷത്തോടും കൂടി പരിധികളില്ലാതെ എല്ലാനന്മകളിൽ നിന്നും ദൈവത്തെ മാനിക്കുക ഇത് ചെറുതോ വലുതോ ഒരുശരിയായ ദാനം പത്തിലും നൂറ് ശതമാനത്തിലും അറിയുക. വളരെ ലഭിച്ചവരോട് വളരെ ആവശ്യപ്പെടും ലൂക്കോസ് 12:48 ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

✶

സ്ത്രീകൾക്കു വേണ്ടി

## സ്ത്രീ പ്രാർത്ഥിക്കുമ്പോൾ മൂടുപടം ഇടണോ

ബെറ്റി ബി.സി

ആരാധനയിലും പ്രാർത്ഥനയിലും സ്ത്രീ തന്റെ തല, തൊപ്പി കൊണ്ടോ മൂടുപടം കൊണ്ടോ മൂടിയിരിക്കണം എന്നുപറയുന്നവർ ഉണ്ട്. മറ്റുള്ളവർ പറയും അതിന്റെ ആവശ്യമില്ല എന്ന്. ഈ കുഴപ്പത്തിനു കാരണം തലയെയും മൂടുപടത്തെയും സംബന്ധിച്ച് തെറ്റായി വ്യാഖ്യാനിക്കയും തെറ്റിദ്ധരിക്കയും ചെയ്തതുകൊണ്ടാണ് (1 കൊരിന്ത്യർ 11:3-16). "എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം".

ഈ വേദഭാഗത്തിന്റെ ആരംഭത്തിൽ തന്നെ അധികാരം എന്ന ചോദ്യത്തിനുള്ള ഉത്തരം വിശദീകരിക്കയാണ്. തല മൂടുന്നതു രണ്ടാമതായി വരുന്ന കാര്യമാണ്. നിർദ്ദിഷ്ട അധികാരികൾക്കു കീഴ്പ്പെടുന്നതായിട്ടാണ് അത് ചർച്ച ചെയ്യപ്പെടുന്നത്. ദൈവ വ്യവസ്ഥയിൽ ഭൗതിക തലക്കു, ആത്മീയ തലയെ ആദരിക്കയും അനാദരിക്കയും ചെയ്യാം. അങ്ങനെ ഒരു പുരുഷനു തന്റെ തലമൂടികൊണ്ടു അവന്റെ ആത്മീയ തലയായ ക്രിസ്തുവിനെ അപമാനിക്കാം. അതുപോലെ ഒരു സ്ത്രീക്കു തന്റെ തല മൂടാതെ അവളുടെ തലയായ ഭർത്താവിനെ അപമാനിക്കാം.

ആ വേദഭാഗം മറ്റെന്തു പഠിപ്പിച്ചാലും ശരി ദൈവം സ്ഥാപിച്ചിരിക്കുന്ന അധികാര ക്രമത്തെ നാം കണ്ടില്ലെന്നു നടിക്കരുത്. ഏതുതരത്തിലുള്ള മൂടുപടമാണ് വാസ്തവത്തിൽ ധരിക്കേണ്ടത് എന്നതിനെകുറിച്ച് നാം വാദിക്കയും തർക്കിക്കുകയും ചെയ്താൽ ആത്മാർത്ഥതയോടെ നാം തെറ്റായ പര്യവസാനത്തിൽ എത്തിച്ചേരും. അതിനു ദൈവം ക്ഷമാപണം നല്കും. പക്ഷെ വ്യക്തമായി പഠിപ്പിച്ചിരിക്കുന്ന കാര്യം നാം കാണാതിരിക്കരുത്. ഏതു പുരുഷന്റേയും തല ക്രിസ്തു, ഏതു സ്ത്രീയുടേയും തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്ന ദൈവിക വ്യവസ്ഥയെ നാം അവഗണിക്കരുത്.

മൂടുപടം ഇട്ടു പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു പുരുഷനും തന്റെ തലയെ അപമാനിക്കുന്നു. മൂടുപടം ഇല്ലാതെ പ്രാർത്ഥിക്കയോ പ്രവചിക്കയോ ചെയ്യുന്ന ഏതു സ്ത്രീയും തന്റെ തലയെ അപമാനിക്കുന്നു. അത് അവൾ ക്ഷൗരം ചെയ്യിച്ചതു പോലെയല്ലൊ. സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ മുടി കത്രിച്ചു കളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസും ആകയാൽ മൂടുപടം ഇടേണ്ടതല്ല. സ്ത്രീയോ പുരുഷന്റെ തേജസ് ആകുന്നു. പുരുഷൻ മുടി നീട്ടിയാൽ അതു അവനു അപമാനം എന്നും സ്ത്രീ മുടി നീട്ടിയാലോ അതു മൂടുപടത്തിനു പകരം നൽകിയിരിക്കകൊണ്ടു അവൾക്കു മാനം ആകുന്നു എന്നും പ്രകൃതി തന്നെ നിങ്ങളെ പഠിപ്പിക്കുന്നില്ലയോ?

മുടി എങ്ങനെ കൈകാര്യം ചെയ്യണമെന്നു ദൈവം മാത്രമല്ല പറഞ്ഞിട്ടുള്ളത്. അത് ഒരു വ്യക്തിയുടെ ബന്ധത്തെ കാണിച്ചു കൊടുക്കുന്ന ഒരു രീതിയാണിത്. നമ്മുടെ ഹൃദയവുമായുള്ള നമ്മുടെ ബന്ധത്തെ സൂചിപ്പിക്കുന്ന പ്രവൃത്തിയാണത്. എല്ലാ ആചാരങ്ങളും മുടിയെകുറിച്ച് പറയുന്നുണ്ട്. ചരിത്രത്തിൽപോലും ഒരാളുടെ മുടി എങ്ങനെ സൂക്ഷിക്കുന്നു എന്നതിനെ പ്രതിപാദിക്കുന്നുണ്ട്. ഒരാളുടെ ജീവിത ശൈലി, തീരുമാനങ്ങൾ, ധാർമ്മികത, മതപരമായ വിശ്വാസം എന്നിവ എടുത്തു കാണിക്കാറുണ്ട്.

പഴയനിയമം മുഴുവനും പുതിയനിയമത്തിലെ യഹൂദ പശ്ചാത്തലവും തല അനാവരണം ചെയ്യുക എന്നു പറഞ്ഞാൽ ക്ഷൗരം ചെയ്യുക എന്നതാണ് അർത്ഥമാക്കുന്നത് (ലേവ്യാപുസ്തകം

10:1). നാദാബും അബീഹുവും അവരുടെ അകൃത്യം നിമിത്തം കൊല്ലപ്പെട്ടപ്പോൾ അഹറോൻ മുടി ക്ഷൗരം ചെയ്യുന്നത് വിലക്കിയിരുന്നു. അവരുടെ ആചാരം അതായിരുന്നു. ഇയ്യോബിന്റെ മക്കൾ കൊടുങ്കാറ്റിൽ അകപ്പെട്ടു മരണമടഞ്ഞ വാർത്ത കേട്ടപ്പോൾ അവൻ തന്റെ വസ്ത്രം കീറി, തല ക്ഷൗരം ചെയ്യുകയുമുണ്ടായി.

പ്രാചീന റോമിലെ ഗ്യാലറിയിൽ ധാരാളം കൊത്തുപണികളും ചിത്രരചനയുമുണ്ട്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനിത്വത്തെ പ്രതിനിധാനം ചെയ്യുന്നവയാണ് അവ. അവയിൽ ഒന്നിലും സ്ത്രീകൾ ആരാധിക്കുമ്പോൾ തല മൂടിയിരിക്കുന്നതായി കാണുന്നില്ല. അവരുടെ മുടി അവർക്കു ഒതുക്കവും തേജസും ആയിരുന്നു.

മദ്ധ്യനൂറ്റാണ്ടുകളോടെയാണ് റോമൻ കത്തോലിക്കാ സഭ രൂപം കൊണ്ടത്. ആ കാലയളവിലെ ചിത്രരചനകളിൽ മാത്രമാണ് ആരാധനയിൽ സ്ത്രീകൾ മൂടുപടം ഇട്ടിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. കത്തോലിക്കാ സഭയിൽ നിന്നു വേർപിരിഞ്ഞ ചില നാമധേയ വിഭാഗങ്ങൾ ഇത് ഒരു മതപരമായ ആചാരമായി പരിശീലിപ്പിക്കപ്പെടുന്നുണ്ട്.

വിഗ്രഹാരാധകരായ അന്യമതക്കാർ അവരുടെ സ്ത്രീകളുടെ തൊഴിലിനനുസരിച്ച് തല മുണ്ഡനം ചെയ്യിക്കയോ മുടി വെട്ടിക്കുകയോ ചെയ്തിരുന്നു. കൊരിന്ത്യ പട്ടണത്തിൽ ഒന്നാം നൂറ്റാണ്ടിൽ ഈ സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഒരു ക്രിസ്തീയ സ്ത്രീ അപ്രകാരം ചെയ്യുന്നതു ലജ്ജാകരമാണ്. കാരണം അവളും തന്റെ ഭർത്താവും തമ്മിലുള്ള ബന്ധത്തെ അവഗണിക്കാവുന്നതല്ല. മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവൾ ആരാണെന്ന് ബോധ്യമാക്കേണ്ടതുണ്ട്.

ഇതിനു സമാന്തരമായി ചില സ്ത്രീകൾ പരിഷ്കൃതരീതിയിൽ മുടി വെട്ടി നടക്കാറുണ്ട്. ഒരിക്കലും ക്രിസ്തീയ വനിതകൾ വചന വിരുദ്ധമായ മാതൃക ഈ കാര്യത്തിൽ സ്വീകരിക്കാവുന്നതല്ല. അവൾ ഒരിക്കലും തനിക്കു ലജ്ജ ഉണ്ടാക്കുകയോ തന്റെ ഭർത്താവിനെ ആദരിക്കാതിരിക്കയോ ചെയ്തുകൂടാ. മുടി നീട്ടി വളർത്തുന്ന ഹിപ്പികൾ ഉണ്ട്. പുരുഷന്മാർക്കു നിഷിദ്ധമായ ഈ പരിഷ്ക്കാരം ക്രിസ്തീയ പുരുഷന്മാർക്കു ഭൂഷണമല്ല. ദൈവത്തിന്റെ വ്യവസ്ഥാപിതമായ അധികാരത്തെ അറിഞ്ഞു ബഹുമാനിക്കയും

കീഴ്പ്പെട്ടിരിക്കയും ചെയ്യാൻ നാം ശീലിക്കണം.

"പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലൊ; സ്ത്രീ പുരുഷനിൽ നിന്നത്രെ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടല്ല; സ്ത്രീ പുരുഷനായിട്ടല്ലൊ സൃഷ്ടിക്കപ്പെട്ടത്. ആകയാൽ സ്ത്രീക്കു ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കണം. എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നു ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ".

"ദൂതൻ മുഖാന്തരം" എന്നുപറഞ്ഞാൽ അവർ ആരാണ്? വീണുപോയ ദൂതന്മാരാണ്. മനുഷ്യരെ ദൈവം സൃഷ്ടിച്ചപ്പോൾ ദൂതന്മാരിൽ നിന്നും വ്യത്യസ്തമായ ഉദ്ദേശത്തോടെയാണ് സൃഷ്ടിച്ചത്. അത് നാം മനസ്സിലാക്കിയാൽ സ്ത്രീ മൂടുപടം ധരിക്കേണ്ട ആവശ്യകതയും തിരിച്ചറിയും. സ്ത്രീ പുരുഷനു വിധേയപ്പെട്ടിരിക്കണമെന്ന് പറയുമ്പോൾ അത് അടിമത്വത്തെയല്ല സൂചിപ്പിക്കുന്നത്. മറിച്ച് ബഹുമാനം പ്രകടിപ്പിക്കലാണ്. പലർക്കും ദൈവത്തോടുള്ള ബന്ധവും മനുഷ്യർക്കു തമ്മിൽ തമ്മിലുള്ള ബന്ധവും എങ്ങനെ ആയിരിക്കണമെന്ന് അറിവില്ല.

എക്കാലവും ദൈവികമായ നിയമം മനുഷ്യബന്ധങ്ങളെ ഉറപ്പിക്കുന്നതും ജീവിതത്തെ സ്വസ്ഥതയിൽ നിലനിർത്തുന്നതും ആണ്. പക്ഷെ ഭൂരിഭാഗം പേരും ദൈവവചനം പറയുന്നത് പൂർണ്ണമായി സ്വീകരിക്കാറില്ല. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ നിലനിർത്തുന്നതിലാണ് ആളുകൾക്കു താല്പര്യം. പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകാര്യമാകണമെങ്കിൽ നമ്മുടെ ഹൃദയം അവന്റെ മുമ്പിൽ താഴ്ത്തി സമർപ്പിക്കണം. കാരണം ദൈവസഹായമില്ലാതെ നമുക്കു ഈ ഭൂമിയിൽ നിലനില്ക്കാൻ സാധ്യമല്ല. അതു സ്ത്രീയായാലും പുരുഷനായാലും വാസ്തവമത്രെ. അതുകൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങളിൽ വാദം ഒഴിവാക്കി തിരുവെഴുത്തിന് കീഴ്പ്പെടുക.

★

## ദൈവവചനം പഠിക്കുവാൻ താത്പര്യമുള്ളവർക്ക് ഒരു സുവർണ്ണാവസരം

വിവാഹിതരും, 10-ാം ക്ലാസ്സ് വരെ പഠിച്ചവരും സുവിശേഷ വേലയിൽ തൽപ്പരരും ആയവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് സ്റ്റൈപ്പന്റും കുട്ടികൾക്കുള്ള അലവൻസും യാത്രാബത്തയും നൽകുന്നതാണ്. ക്ലാസുകൾ 2007 മെയ് മാസത്തിൽ ആരംഭിക്കുന്നതിനാൽ ഉടൻതന്നെ അപേക്ഷയും, ഫോട്ടോയും, എസ്.എസ്.എൽ.സി.സർട്ടിഫിക്കറ്റിന്റെ കോപ്പിയും, റേഷൻ കാർഡിന്റെ കോപ്പിയും സഹിതം നേരിൽ വരികയോ തപാലിൽ അയച്ചുതരുകയോ ചെയ്യുക. സീറ്റുകൾ പരിമിതമായതിനാൽ അപേക്ഷകൾ ഉടനെ ഓഫീസിൽ ലഭിക്കേണ്ടതാണ്.

അയയ്ക്കേണ്ട വിലാസം

**TAMILNADU BIBLE INSTITUTE PALGHAT**
**BRANCH VALLIYODE.**
MUDAPPALLUR P.O., PALGHAT-678 705
Ph: 04922- 204830, 203052

## ഡൽഹിയിൽ ഭീകരൻ പിടിയിൽ

തലസ്ഥാനത്തു ലഷ്കറെ തയിബ ഭീകരനെന്നു സംശയിക്കുന്നയാൾ പിടിയിലാവുകയും അസമിൽ ഉൾഫ തീവ്രവാദി ബോംബ് പൊട്ടിമരിക്കുകയും വടക്കൻ കശ്മീരിൽ വൻതോതിൽ ആയുധശേഖരവും ആർഡിഎക്സും കണ്ടെടുക്കുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ 58-ാം റിപ്പബ്ളിക് ദിനാഘോഷത്തോട് അനുബന്ധിച്ചു രാജ്യമെങ്ങും സുരക്ഷാസന്നാഹം അതിശക്തമാക്കി. റിപ്പബ്ളിക് ദിനാഘോഷ വേളയിൽ ഭീകരാക്രമണം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്തു

ഡൽഹിയിൽ കനത്ത സുരക്ഷാവലയമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഹർക്കത്തുൽ ജിഹാദി ഇസ്ലാമി സംഘടനയിൽപെട്ട രണ്ടു ഭീകരർ ഈ മാസം ഡൽഹിയിൽ പിടിയിലായിരുന്നു.

★

## നിഥാരി കൊലക്കേസ്: പ്രതികളെ ജനം കയ്യേറ്റം ചെയ്തു

നിഥാരി കൂട്ടക്കൊല കേസിൽ സിബിഐ കസ്റ്റഡിയിലുള്ള മൊനീന്ദർ സിങ് പാന്ഥർ, സഹായി സുരേന്ദ്രൻ കോഹ് ലി എന്നിവരെ കോടതിപരിസരത്ത് അഭിഭാഷകരും ജനങ്ങളും കയ്യേറ്റം ചെയ്തു. ജനങ്ങളുടെ മർദനത്തിൽ ബോധരഹിതരായ ഇരുവരെയും ഡൽഹി റാം മനോഹർ ലോഹ്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രഥമശുശ്രൂഷ നൽകിയതിനുശേഷം സുരേന്ദറിനെയും മൂന്നുമണിക്കൂർ പ്രത്യേകനിരീക്ഷണത്തിനു ശേഷം മൊനീന്ദറിനെയും വിട്ടു. ആശുപത്രിയിലെത്തിക്കുമ്പോൾ ഇരുവർക്കും ബോധമുണ്ടായിരുന്നു. ഇരുവരെയും കാണാൻ ആശുപത്രിക്കു മുന്നിൽ വൻജനാവലി തടിച്ചുകൂടിയിരുന്നു.

★

## മിന്നൽപ്പരിശോധന: ഒരാൾക്കു സസ്പെൻഷൻ

മെഡിക്കൽ കോളജ് ആശുപത്രിയിൽ ആരോഗ്യമന്ത്രി പി.കെ.ശ്രീമതി നടത്തിയ മിന്നൽ പരിശോധനയിൽ, വർഷങ്ങളായി ഹാജർ ബുക്കിൽ ഒപ്പിടാതെ ശമ്പളം വാങ്ങിയിരുന്നെന്നു കണ്ടെത്തിയ ഒ.പി.വിഭാഗത്തിലെ അസിസ്റ്റന്റ് എൻക്വയറി ഓഫീസറെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു.

★

## യാത്രക്കാരന്റെ ബാഗ് നഷ്ടപ്പെട്ടു; ലങ്കൻ എയർലൈൻസിന് 1.43 ലക്ഷം പിഴ

യാത്രക്കാരന്റെ ബാഗ് നഷ്ടപ്പെട്ട കേസിൽ ശ്രീലങ്കൻ എയർലൈൻസിന് 1.43 ലക്ഷം രൂപ പിഴ.

കൊല്ലം സ്വദേശി വി.ശശിധരൻ നൽകിയ പരാതിയിൽ സ്ഥിരം ലോക് അദാലത്ത് അധ്യക്ഷൻ എ.ഡെന്നീസ്, അംഗങ്ങളായ ഡി.സന്തോഷ്കുമാർ, കെ.എം.എ.ലത്തീഫ് എന്നിവരടങ്ങിയ അദാലത്താണ് വിധി പുറപ്പെടുവിച്ചത്.

✶

## പ്രകാശവേഗത്തെ മറികടക്കുന്ന മികവിന് ദേശീയ അംഗീകാരം

പത്മവിഭൂഷൺ ബഹുമതി നേടിയ കോട്ടയം പള്ളം എണ്ണയ്ക്കൽ ചാണ്ടി ജോർജ് സുദർശൻ എന്ന ഇ.സി.ജി. സുദർശൻ ഇന്ത്യ ജന്മം നൽകിയ സമകാലിക ശാസ്ത്രജ്ഞന്മാരുടെ നിരയിലെ പ്രമുഖനാണ്. പ്രകാശത്തിനെക്കാൾ വേഗതയുള്ള ടാക്കിയോണുകൾ എന്ന കണങ്ങളെക്കുറിച്ചുള്ള പഠനമാണ് അദ്ദേഹത്തെ പ്രശസ്തിയിലേക്കുയർത്തിയത്. പ്രകാശത്തെക്കാൾ വേഗതയിൽ ഒന്നും സഞ്ചരിക്കില്ല എന്ന ആൽബർട് ഐൻസ്റ്റീന്റെ നിഗമനത്തിനു ബദലാണ് സുദർശന്റെ പഠനങ്ങൾ. അഞ്ഞൂറോളം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള അദ്ദേഹത്തിന് ആറുതവണ നോബേൽ സമ്മാനത്തിനുള്ള നാമനിർദ്ദേശം ലഭിച്ചിട്ടുണ്ട്.

✶

## മലയാളത്തിനു മികവേകി കേന്ദ്ര സോഫ്റ്റ്‌വെയർ

മലയാളമുൾപ്പെടെ ഏഴുഭാഷകളുടെ സോഫ്റ്റ്‌വെയർ കേന്ദ്രസർക്കാർ പുറത്തിറക്കി. പഞ്ചാബി, മറാത്തി, കന്നഡ, ഉറുദു, ഒറിയ, അസമീസ് എന്നിവയാണു മറ്റു ഭാഷകൾ. വാർത്താവിനിമയ-ഐടി മന്ത്രാലയത്തിനുവേണ്ടി സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കംപ്യൂട്ടിങ് (സിഡാക്) ആണു സോഫ്റ്റ്‌വെയർ തയ്യാറാക്കിയത്. തമിഴ്, തെലുങ്ക്, ഹിന്ദി സോഫ്റ്റ് വെയറുകൾ നേരത്തെ പുറത്തിറക്കിയിരുന്നു.

✶

## റോഡ് അപകടങ്ങൾ എങ്ങനെ കുറയ്ക്കാം?

കേരളത്തിൽ റോഡ് അപകടങ്ങളിലൂടെ മരണസംഖ്യ വർധിച്ചുകൊണ്ടിരിക്കുമ്പോൾ വികസിത രാജ്യങ്ങളിൽ റോഡ് അപകടനിരക്കു കുത്തനെ കുറഞ്ഞിരിക്കുകയാണ്. റോഡ് അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ വികസിത രാജ്യങ്ങളിൽ സ്വീകരിച്ച തന്ത്രത്തിന്റെ അടിസ്ഥാനത്തിൽ മൂന്നു നിർദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നു.

ഒന്നാമതായി വേഗനിയന്ത്രണം കർശനമാക്കുക. അടിസ്ഥാന നിയമലംഘനം തടഞ്ഞും ഹെൽമറ്റിന്റെയും സീറ്റ്ബെൽറ്റിന്റെയും ഉപയോഗം നിയമപരമായി പ്രാബല്യത്തിൽ വരുത്തിയും തന്നെ ഏകദേശം 60 ശതമാനത്തോളം ജീവൻ രക്ഷിക്കാനാകും.

✶

## വികസനത്തിന്റെ ദേശീയ പ്രസ്ഥാനം രാജ്യത്തിനാവശ്യം: രാഷ്ട്രപതി

തന്ത്രപ്രധാന മേഖലകളിൽ ആഗോള സാന്നിധ്യം തെളിയിക്കത്തക്കവിധം വികസിത രാഷ്ട്രമെന്ന ദർശനം 2020നു മുൻപുതന്നെ സാക്ഷാൽക്കരിക്കുന്ന ദേശീയവികസനപ്രസ്ഥാനത്തിനു തുടക്കം കുറിക്കാൻ രാഷ്ട്രപതി എ.പി.ജെ.അബ്ദുൽകലാം ആഹ്വാനം ചെയ്തു.

'ദർശനം-2020' അനുസരിച്ച് 2020ൽ വികസിത രാഷ്ട്രമെന്ന ലക്ഷ്യം കൈവരിക്കണമെന്നായിരുന്നു രാഷ്ട്രപതി നേരത്തെ നൽകിയിരുന്ന ആഹ്വാനം. എന്നാൽ അതിനു മുൻപുതന്നെ ലക്ഷ്യത്തിലെത്തണമെന്നു റിപ്പബ്ളിക് ദിനസന്ദേശത്തിൽ അദ്ദേഹം ആവശ്യപ്പെട്ടു.

✶

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 February**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*
*The*

**CHURCH OF CHRIST**

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To